Malankara Orthodox Syrian Church
Mar Gregorios Orthodox Christian Student Movement
MGOCSM

P.B. No. 610, College Road
Kottayam-686 001, Kerala, India
www.mgocsm.in

**Fr. Jeeson P. Wilson**
General Secretary

ബഹുമാനപ്പെട്ട അച്ചന്മാരെ, വിദ്യാർഥി പ്രസ്ഥാനം പ്രവർത്തകരെ,

വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ രണ്ട് പ്രധാന പരിപാടികൾ ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കുകയാണ്

**1. ഹൈസ്കൂൾ/ഹയർസെക്കൻഡറി കോൺഫറൻസ്**

ഓർത്തഡോക്സ് വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ ഹൈസ്കൂൾ/ഹയർസെക്കൻഡറി കോൺഫറൻസ് സെപ്റ്റംബർ മാസം 4,5 (ഞായർ, തിങ്കൾ) തീയതികളിൽ കോട്ടയം എം ജി ഒ സി എസ് എം സ്റ്റുഡന്റ് സെന്ററിൽ നടത്തും. വിദഗ്ധർ പരിശീലനങ്ങൾ നൽകും. എസ്എസ്എൽസി, പ്ലസ് ടു ക്ലാസ്സുകളിൽ എ പ്ലസ്/എ വൺ നേടിയ വിദ്യാർത്ഥികൾക്ക് മെറിറ്റ് അവാർഡ് വിതരണം ചെയ്യുന്നതാണ്. മാർക്ക് ലിസ്റ്റിന്റെ പകർപ്പുകളും ഇടവക വികാരിയുടെ സാക്ഷ്യപത്രവും mgocsmoffice@gmail.com എന്ന ഇമെയിൽ വിലാസത്തിലേക്ക് 28/08/2022 5 PM ന് മുമ്പ് അയയ്ക്കണം. കൂടുതൽ വിവരങ്ങൾക്ക് **ഫാദർ നിതിൻ മാത്യു തോമസ് +919947183182 ഡീക്കൻ. ജോബു ജേക്കബ് ജോൺ +919496329789** എന്നിവരുമായി ബന്ധപ്പെടുക

**2. കേന്ദ്ര കലാമേള**

എം ജി ഒ സി എസ് എം കലാമേള ഈ വർഷം രണ്ട് റീജിയണുകളായി നടത്തുകയാണ്. ഔട്ട് സൈഡ് കേരള റീജിയൻ കലാമേള സെപ്റ്റംബർ മാസം 18-ാം തീയതി (ഞായർ) ഓൺലൈൻ പ്ലാറ്റ്ഫോമിലായി നടത്തുന്നതാണ്. കേരള റീജിയൻ കലാമേള സെപ്റ്റംബർ മാസം 21-ാം തീയതി (ബുധൻ) രാവിലെ 9.30ന് കോട്ടയം ബസേലിയസ് കോളേജിൽ വെച്ച് നടത്തുന്നതാണ്. കേന്ദ്ര ഓഫീസിൽ, യൂണിറ്റ് രജിസ്ട്രേഷൻ നടത്തിയ യൂണിറ്റിൽ നിന്നുള്ള പ്രതിനിധികൾക്ക് മാത്രമേ മത്സരങ്ങളിൽ പങ്കെടുക്കാൻ അനുവാദം ഉണ്ടായിരിക്കുകയുള്ളൂ. മത്സര ഇനങ്ങളും മത്സരങ്ങളുടെ നിബന്ധനകളും മത്സരാർത്ഥികളുടെ പേര് വിവരങ്ങൾ രേഖപ്പെടുത്തേണ്ട ഫോമും www.mgocsm.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

മത്സരിക്കുന്ന അംഗങ്ങളുടെ പേരുകളും, ഇടവക/പഠിക്കുന്ന സ്ഥാപനം എന്നിവ രേഖപ്പെടുത്തിയിരിക്കുന്ന ലിസ്റ്റും ഇടവക വികാരിയുടെയോ സ്ഥാപന മേലധികാരിയുടെയോ ശുപാർശ കത്തും സെപ്റ്റംബർ മാസം 14-ാം തീയതി 5 PM ന് മുൻപ് mgocsmkalamela@gmail.com എന്ന ഇമെയിൽ അഡ്രസ്സിലേക്ക് PDF ആയി അയച്ചുതരേണ്ടതാണ്. കലാമേളയെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് കലാമേള കോ-ഓർഡിനേറ്റർമാരായ **ഫാദർ ജേക്കബ് വർഗീസ്(ജിക്കു) +919633738360, ഡീക്കൻ ജോബു ജേക്കബ് ജോൺ +919496329789** എന്നിവരുമായി ബന്ധപ്പെടുക.

ഈ രണ്ടു പരിപാടികളിലും ആ യൂണിറ്റിൽ നിന്നുമുള്ള വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പാക്കുവാൻ ശ്രമിക്കുമല്ലോ.

എന്ന്

17/08/2022

കോട്ടയം

MAR GREGORIOS ORTHODOX CHRISTIAN STUDENT MOVEMENT ★ MGOCSM Founded 1908

**ഫാദർ ജീസൻ പി വിൽസൻ**

**ജനറൽ സെക്രട്ടറി,MGOCSM**

General Secretary
MGOCSM
MGOCSM Student Centre
College Road, Kottayam-686 001